# പരി. ലാസലെറ്റ് മാതാവിന്റെ 175-ാം പ്രത്യക്ഷീകരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

## ജനുവരി 2021

**നിർദ്ദേശങ്ങൾ:-**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒത്തു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനായോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ ഈ മാസത്തിലെ 19-ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ചേർത്ത് നടത്തുന്നതാണ് ഉത്തമം.)

### പ്രാരംഭഗാനം

പരിശുദ്ധാത്മാവേ.....

ലീഡർ 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

### പ്രാരംഭ പ്രാർത്ഥന

ലീഡർ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175-ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥ നയിൽ സ്ഥിരതയുള്ളവരും പരിത്യാഗ, പ്രാശ്ചിത പ്രവർത്തനങ്ങളിൽ ഉൽ സുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

ആമ്മേൻ

### വചനവായന

1. കോറി: 1, 18–31

## ധ്യാനചിന്തകൾ:- ''ലാസലെറ്റ് കുരിശും നമ്മുടെ സഹനങ്ങളും''

''നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്, രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അതു ദൈവത്തിന്റെ ശക്തിയത്രേ'' (1കോറി 1, 18). പൗലോസ് അപ്പസ്തോലൻ കോറിന്ത്യരോട് കുരിശിന്റെ സുവിശേഷമാണ് ആദ്യം

അറിയിച്ചത്. കുരിശ് യഹൂദരെ സംബന്ധിച്ചിടത്തോളം അവഹേളനത്തിന്റെയും, റോമാക്കാർക്ക് ശിക്ഷയുടെയും അടയാളമായിരുന്നെങ്കിൽ ക്രിസ്ത്യാനികൾക്ക് പ്രതീക്ഷയുടെയും രക്ഷയുടെയും മുദ്രയും ചിഹ്നവുമാണ്. ഈശോയുടെ കുരിശുമരണത്തിനു ശേഷം കുരിശിനെ ക്രൈസ്തവരുടെ അടയാളമായി ആണ് ചരിത്രം കണ്ടിരുന്നത്. ആദ്യമേ ക്രൈസ്തവർ പ്രാർത്ഥനക്കായി ഒത്തു കൂടുന്ന ഇടങ്ങളിലും, പിന്നീട് ദേവാലയങ്ങളുടെ മുകളിലും ഉള്ളിലും, തിരുവസ്ത്രങ്ങളിലും, തിരുവസ്തുക്കളിലും, കൂദാശകളിലും കുരിശിന്റെ അടയാളം ഉപയോഗിക്കപ്പെട്ടു. പുരോഹിതരുടെ ആശീർവാദങ്ങളും കുരിശിന്റെ അടയാളത്തിലാണ് പണ്ടുകാലം മുതൽ നടത്തിയിരുന്നത്. എല്ലാതരത്തിലും കുരിശ് ക്രൈസ്തവന്റെ ജീവിതത്തോടു ചേർന്നിരുന്നു. നമ്മുടെ പാരമ്പര്യത്തിൽ ഒരു കുഞ്ഞ് പിറന്നു കഴിയുമ്പോൾ നെറ്റിയിൽ കുരിശുവരച്ചു സ്വീകരിക്കുകയും, ഒരു വ്യക്തി മരണമടഞ്ഞുകഴിയുമ്പോൾ കുരിശ് കരങ്ങളിൽ പിടിപ്പിച്ച് യാത്രയാക്കുകയും ചെയ്യുന്നു. അങ്ങനെ ജനനം മുതൽ മരണം വരെ വി. കുരിശിൽ വിശ്വാസമർപ്പിച്ചുള്ള യാത്ര കർത്താവിനോടൊത്തുള്ള പുനരുത്ഥാനത്തിൽ സഫലമാക്കപ്പെടും.

പലതരത്തിലുള്ള കുരിശുരൂപങ്ങൾ നമ്മുടെ വിശ്വാസപാരമ്പര്യത്തിലുണ്ട്. ലത്തീൻ കുരിശും, ഗ്രീക്ക് കുരിശും, മാർത്തോമ്മാ കുരിശുമെല്ലാം ഓരോ റീത്തുകളെയും വിശ്വാസപാരമ്പ്യര്യങ്ങളെയും സഭയിൽ പ്രതിനിധാനം ചെയ്യുന്നു. വി. ആൻഡ്രൂസിന്റെ നാമത്തിലുള്ള 'X' കുരിശും, ബെനഡിറ്റൻ കുരിശും, കപ്പൂച്ചിൻ സഭക്കാർ ഉപയോഗിക്കുന്ന വി. ആന്റണിയുടെ താവും (Tau) ഏറെ കുറെ നമുക്ക് സുപരിചിതമാണ്. രണ്ടു എല്ലിൻ കഷ്ണങ്ങൾക്കു മുകളിൽ തലയോട്ടിയുടെ ചിഹ്നവും അതിനുമുകളിൽ ക്രൂശിതരൂപം സ്ഥാപിച്ചിട്ടുള്ള കുരിശ് സഭയിൽ "ആദം കുരിശ്" എന്ന പേരിലാണ് അറിയപ്പെടുന്നത്. കഴിഞ്ഞ കാലഘട്ടങ്ങളിൽ കേരള കത്തോലിക്കാ സഭയിൽ ചില പാതിവെന്ത പാണ്ഡ്യത്യമുള്ളവർ 'ആ കുരിശ്' ചെകുത്താൻ കുരിശാണെന്നും സാത്താൻ ആരാധകരുടെ ചിഹ്നമാണെന്നും മറ്റും പ്രചരിപ്പിക്കുകയുണ്ടായി. എന്നാൽ അത് ജെറുസലേം ക്രൈസ്തവരുടെ ഇടയിൽ നിലനിൽക്കുന്ന ഒരു പാരമ്പര്യത്തിന്റെ അടയാളമാണ്. കാൽവരിയിൽ ക്രിസ്തുവിന്റെ കുരിശ് സ്ഥാപിക്കപ്പെട്ടത് ആദാമിന്റെ കല്ലറയ്ക്കു മുകളിൽ ആണെന്നാണ് അവർ വിശ്വസിച്ചിരുന്നത്. ക്രൂശിതനായ ക്രിസ്തുവിന്റെ രക്തം പതിഞ്ഞ ആദത്തിന്റെ ശിരസ്സിന്റെ ചിത്രീകരണമാണ് ആ കുരിശ്. പാപത്തിന്റെ അടിമത്തിൽ നിന്നും മനുഷ്യകുലത്തിന്റെ രക്ഷയുടെ അടയാളമായിട്ടാണ് ഈ കുരിശ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. അതുപോലെ ഒട്ടും പരിചയമില്ലാത്ത എന്നാൽ ഒരുപാട് ദൈവശാസ്ത്ര ബോധ്യങ്ങൾ പ്രധാനം ചെയ്യുന്ന ഒരു ക്രൂശിതചിത്രമാണ് ലാസലെറ്റിലും തെളിയുന്നത്.

ലാസലെറ്റിൽ പ്രത്യക്ഷപ്പെട്ട മാതാവിന്റെ കഴുത്തിൽ ഒരു ജ്വലിക്കുന്ന ക്രൂശിതരൂപം കിടന്നിരുന്നതായി മാക്സിമിനും മെലനിയും സാക്ഷ്യപ്പെടുത്തുന്നു. കുരിശിന്റെ ഇടതുവശത്ത് 'ചുറ്റിക'യും വലതുവശത്ത് 'ചവണ'യും കാണപ്പെട്ടിരുന്നു. വളരെ അർത്ഥഗർഭമായി ദൈവശാസ്ത്രജ്ഞന്മാർ പിന്നീട് അതിന്റെ പ്രാധാന്യം സഭയിൽ വെളിവാക്കി. ഇനി ഒരിക്കലും ഒരു കുഞ്ഞാടുപോലും മനുഷ്യപാപപരിഹാരത്തിനായി ബലിപീഠത്തിൽ ചോരചിന്തപ്പെടാതിരിക്കാൻ, മനുഷ്യനായ ദൈവം, മാനവകുലത്തിന്റെ പാപത്തിനു പരിഹാരമായി സ്വയം കുരിശിൽ ബലിയർപ്പിച്ചു. എന്നാൽ മനുഷ്യൻ വീണ്ടും പാപംചെയ്യുമ്പോൾ, പുത്രനായ ദൈവത്തെ വീണ്ടും കുരിശിൽ തറക്കുന്നുവെന്നും, പാപപരിഹാരത്തിനായി വഴിനടക്കുമ്പോൾ കുരിശിൽ നിന്നും ഇറക്കുന്നുവെന്നും ലാസലെറ്റ് കുരിശ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

ദൈവത്തെ വീണ്ടും കുരിശിൽ തറയ്ക്കാൻ നമ്മുടെ പ്രേരണ പലപ്പോഴും വ്യക്തിഗത ദുഃഖങ്ങളും സഹനങ്ങളും കഷ്ടപ്പാടുകളുമാണ്. അർഹിക്കാത്ത സന്തോഷങ്ങളും ചിലപ്പോഴെങ്കിലും 'ചുറ്റിക' കൈയ്യിലെടുക്കാൻ മാനവരെ പ്രേരിപ്പിക്കാറുണ്ട്. മനുഷ്യരുടെ പാപത്തിന്റെ 'കണ്ണും മൂക്കുമില്ലാത്ത' പ്രവർത്തനങ്ങൾ, പുത്രന്റെ വിധിയുടെ കരത്തിന്റെ ഭാരം വർദ്ധിപ്പിക്കുന്ന കാര്യം അമ്മ ലാസലെറ്റിൽ കണ്ണീരോടെ ഓർമ്മപ്പെടുത്തുന്നു. വയനാട്ടിൽ, ലാസലെറ്റ് ആശ്രമത്തിനടുത്തുള്ള ഒരു അയൽവാസിയാണ് 'ദേവസ്യചേട്ടൻ'. ചേട്ടന്റെ രണ്ടു കണ്ണും കാഴ്ചയില്ലാത്തതാണ്. സ്ഥിരമായി പോകുന്ന വഴികൾ കാഴ്ച്ചയുള്ളവരെക്കാളും തിട്ടമാണ് ദേവസ്യ ചേട്ടന്. ലോട്ടറി കച്ചവടം നടത്തി ഉപജീവനം നടത്തുന്ന ആ ലാസലെറ്റ് മാതാവിന്റെ ഭക്തൻ പലപ്പോഴും പരിചിതമല്ലാത്ത ഇടങ്ങളിൽ തന്റെ ബാഗിൽ സൂക്ഷിച്ചിരിക്കുന്ന വടിയിൽ ആശ്രയിക്കുന്നതും തടസ്സങ്ങളെ മറികടന്നുപോകുന്നതും പലപ്പോഴും ഞാൻ നോക്കിനിന്നിട്ടുണ്ട്. കാഴ്ചയുള്ളവരായ മനുഷ്യർ സഹനത്താൽ കണ്ണിനിറഞ്ഞ് കാഴ്ച നഷ്ടപ്പെടുമ്പോൾ, നമുക്കാശ്രയിക്കാൻ ദൈവം നൽകിയ വടിയാണ് **പരി. അമ്മയും വി. കുരിശും**. പ്രതിസന്ധികളും സഹനങ്ങളും ജീവിതത്തിൽ വീണ്ടും 'ചുറ്റിക' (പാപം ചെയ്യാൻ) എടുക്കാൻ പ്രേരിപ്പിക്കുമ്പോൾ, ലാസലെറ്റ് കുരിശ് നമുക്ക് ഒരു ഓർമ്മപ്പെടുത്തലാകട്ടെ. സഹനങ്ങളിൽ താങ്ങുന്ന, നിനക്കായി നിന്റെ കുടുംബത്തിനായി കുരിശിലേറിയവൻ, കണ്ണീരിനപ്പുറമുള്ള **'അവസാനിക്കാത്ത സന്തോഷത്തിലേക്ക്'** നിന്നെ വഴി നടത്തട്ടെ.

**വിചിന്തനം നടത്താം.**

- സഹനങ്ങളിലും കണ്ണീരിലും ക്രൂശിതനായ ദൈവത്തിന്റെ ശക്തിയെ ഞാൻ സംശയിച്ചിട്ടുണ്ടോ?
- ക്രൂശിതരൂപം ഭക്തിയോടെ ധരിക്കുവാനും, കുരിശിൽ ശരണപ്പെട്ട്, പൈശാചിക ശക്തികളുടെ മേൽ വിജയത്തിനായി 'കുരിശു വരക്കാനും പ്രാർത്ഥിക്കാനും' ഞാൻ എല്ലാ ദിവസവും പരിശ്രമിക്കാറുണ്ടോ?
- കട്ടിളപടിമേൽ കുരിശുവരച്ച് വെഞ്ചരിക്കപ്പെട്ടതാണ് നമ്മുടെ ഭവനങ്ങൾ. ഓരോ കുടുംബപ്രാർത്ഥനകളിലും നമ്മുടെ കുടുംബത്തെ കുരിശിന്റെ സംരക്ഷണത്തിനു വീണ്ടും ഭാരമേൽപ്പിക്കാൻ മറന്നുപോകാതിരിക്കാം

## കാറോസൂസ

ലീഡർ: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ പരി. ലാസലെറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, പരി. ലാസലെറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: പുതുവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഞങ്ങളെ എല്ലാവിധ നന്മകളാലും കൃപകളാലും നിറക്കണമേ എന്നും, ഈ വർഷം അനുഗ്രഹത്തിന്റെയും സമാധാനത്തിന്റെയും ആക്കി നിർത്തണമേ എന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ,....

ലീഡർ: സഹനങ്ങളാലും, കുടുംബപ്രശ്നങ്ങളാലും ഞങ്ങളുടെ മനസ്സുനിറഞ്ഞ് കുരിശിലെ പ്രത്യാശ ദർശിക്കാൻ കഴിയാതിരിക്കുമ്പോൾ പരി. അമ്മയുടെ കരം പിടിക്കാനും പ്രതീക്ഷയോടെ സഹനങ്ങളെ മറികടക്കാനും ഞങ്ങളെ സഹായിക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: പുതിയതായി തെരഞ്ഞെടുക്കപ്പെട്ട് അധികാരങ്ങളിൽ ആയിരിക്കുന്നവർ ജനനന്മയ്ക്കും സമൂഹത്തിന്റെ ഉന്നമനത്തിനുമായി പ്രവർത്തിക്കാൻ വേണ്ട ആർജ്ജവത്വമുള്ളവരായി തീരുന്നതിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: നമുക്കെല്ലാവർക്കും നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകളും, കുടുബ ത്തിന്റെ ആവശ്യങ്ങളും പരി. ലാസലെറ്റ് മാതാവുവഴി നിശബ്ദമായി ദൈവത്തിനു സമർപ്പിക്കാം.

നിശബ്ധത

**നമുക്ക് പ്രാർത്ഥിക്കാം.**

കർത്താവായ ദൈവമേ, അങ്ങ് ഏകപുത്രനെ കാൽവരിയിൽ കുരിശിൽ ബലികൊടുത്ത് മാനവകുലത്തെ പാപത്തിൽ നിന്നും വിമോചിപ്പിച്ചുവല്ലോ. ഞങ്ങൾക്ക് രക്ഷ പ്രദാനം ചെയ്ത വി. കുരിശിനോടു ചേർത്ത് അനുദിന ജീവിതം കെട്ടിപെടുക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അനുനിമിഷം വർദ്ധിക്കുന്ന സഹനങ്ങളിലും പ്രതിസന്ധികളിലും പതറി പുത്രനെ വീണ്ടും കുരിശിൽ തറക്കാതെ, രക്ഷയുടെ മാർഗ്ഗമായ കുരിശിന്റെ വഴിയിൽ പരി. ലാസലെറ്റ് മാതാവു ഓർമ്മപ്പെടുത്തിയ മാനസാന്തരത്തിന്റെ മന്ത്രം ജപിച്ച് കുരിശുപിടിച്ച് മുന്നേറാൻ

ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും... ആമ്മേൻ.

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

മാർ യൗസേപ്പിതാവേ.................. ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**സമാപനഗാനം**

എത്രയും ദയയുള്ള മാതാവേ ..........

തയ്യാറാക്കിയത്:
ലാസലെറ്റ് സന്യാസ സമൂഹത്തിന് വേണ്ടി
ഫാ. ബിബിൻ പാറേക്കുന്നേൽ MS

facebook page: La Salette Mathavu

# "എല്ലാവർക്കും പുതുവത്സരത്തിന്റെ ആശംസകളും അനുഗ്രഹങ്ങളും"

സ്നേഹത്തോടെ

ലാസലെറ്റ് സന്ന്യാസസമൂഹം